**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 289** **27-06-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനത്തിന് റേഷൻ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണം 15480040 ആണ്. |
| (ബി) | ഈ ലിസ്റ്റിലെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരിന്റെ സമീപനമെന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ? | (ബി) | ഉണ്ട്.<br><br>അടുത്ത സെൻസസിന്റെ അടിസ്ഥാന വിവരങ്ങൾ പരിശോധിച്ചതിനു ശേഷമേ നിലവിലെ പട്ടിക പരിഷ്കരിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ